# ശരീഅത്തിന്റെ മൂലപ്രമാണങ്ങൾ

വി.എ.കെ

ശരീഅത്തിന്റെ മൂലപ്രമാണങ്ങളായി പൊതുവെ നാലെണ്ണമാണ് വിവരിക്കപ്പെടുന്നത്. ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്നിവയാണവ. ഇസ്‌ലാമിക നിയമ നിദാനശാസ്ത്രം ഇവയെ രണ്ട് അടിസ്ഥാന ഖണ്ഡങ്ങളായി വിഭജിച്ചിട്ടുണ്ട്. ഖുർആനും സുന്നത്തും ഉൾപ്പെടുന്ന പ്രഥമ ഖണ്ഡം നസ്സ് (സുവ്യക്തമായ പ്രമാണം), അസർ, നഖ്ൽ (പ്രവാചകന്റെയും അനുചരന്മാരുടെയും പാരമ്പര്യങ്ങൾ) എന്നീ സാങ്കേതികഭാഷകളിൽ വ്യവഹരിക്കപ്പെടുന്നു. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും– പ്രഥമ ഖണ്ഡത്തിൽനിന്ന്– ഉൾപിരിഞ്ഞുണ്ടായതാണ് ഇജ്മാഉം ഖിയാസും. ഇതാണ് രണ്ടാം ഖണ്ഡം. ഇജ്മാഇന്റെയും ഖിയാസിന്റെയും ഉപവകുപ്പുകളിൽ വ്യത്യസ്ത മദ്ഹബു(ഇസ്‌ലാമിക കർമശാസ്ത്ര സരണി)കളുമായി സവിശേഷം ബന്ധപ്പെട്ടുനിൽക്കുന്ന മറ്റു ചില ഉപാദാനങ്ങളുമുണ്ട്. ഹനഫീ മദ്ഹബിലെ ഇസ്തിഹ്സാൻ, മാലികീ മദ്ഹബിലെ മസാലിഹു മുർസല, ശാഫിഈ മദ്ഹബിലെ ഇസ്തിദ്‌ലാൽ, ജഅ്ഫരീ മദ്ഹബിലെ അൽഅദില്ലത്തുൽ അഖ്‌ലിയ്യ എന്നിവ ഇതിലുൾപ്പെടുന്നു. ദ്വിതീയ ഖണ്ഡത്തിലെ ഈ ഉപാദാനങ്ങളെല്ലാം റഅ്യ് (അഭിപ്രായം), അഖ്ൽ, നള്ർ (ബുദ്ധിപരമായ വിചിന്തനങ്ങൾ) എന്നീ സാങ്കേതിക ശബ്ദങ്ങളിൽ അറിയപ്പെടുന്നു. ഈ മൗലിക സ്രോതസ്സുകളെ സംബന്ധിച്ച വിസ്തരിച്ച പഠനത്തിന് *ഇൽമുൽ ഉസൂൽ* (നിദാനശാസ്ത്രം) എന്ന പേരിൽ ഒരു പ്രത്യേക വിജ്ഞാനശാഖതന്നെ ഇസ്‌ലാമിക നിയമവിശാരദന്മാർ ആവിഷ്കരിച്ചിട്ടുണ്ട്. നിരവധി വാല്യങ്ങളിലായി എണ്ണമറ്റ കൃതികൾ അബ്ബാസീ കാലഘട്ടം മുതൽക്കേ ഈ വിഷയകമായി മുസ്‌ലിംലോകത്ത് പ്രചരിച്ചുപോന്നതായി കാണാം.

## ഖുർആൻ

ഇസ്‌ലാമിക ശരീഅത്തിന്റെ ഒന്നാം പ്രമാണമാണ് ഖുർആൻ. ഇസ്‌ലാമികവിധികളുടെ പ്രഥമ വഴികാട്ടി; 'സത്യസമ്പൂർണമായ വേദം നാം നിനക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. നിനക്ക് അല്ലാഹു കാണിച്ചുതന്നതിൻപ്രകാരം ജനങ്ങൾക്കിടയിൽ നീ വിധിനടത്താൻ. നീ വഞ്ചകപ്പരിഷകൾക്കു വേണ്ടി വാദിക്കുന്നവനാകാതിരിക്കുക' (ഖുർആൻ 4:105). സുന്നി–ശീഈ ഭേദമന്യേ എല്ലാ മദ്ഹബുകളും ഏകോപിക്കുന്ന ബിന്ദുവാണ് ഖുർആന്റെ ഈ പ്രാമാണികത. അഭിപ്രായ ഭിന്നതകളുണ്ടെങ്കിൽ തന്നെ സൂക്തങ്ങളുടെ വ്യാഖ്യാനത്തിൽ പരിമിതമാണവ.

ഇരുപത്തിരണ്ടിലേറെ വർഷങ്ങൾക്കിടയിൽ വിവിധ സന്ദർഭങ്ങളിലായാണ് ഖുർആന്റെ അവതരണം പൂർത്തിയായത്. പ്രവാചകന്റെ കാലഘട്ടത്തിലെ മുസ്‌ലിം സമൂഹത്തിലുണ്ടായ സംഭവവികാസങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായിരുന്നു ഖുർആന്റെ അവതരണം. പ്രവാചകന്റെ മക്കാ കാലഘട്ടത്തിൽ അവതീർണമായ മിക്ക വേദവാക്യങ്ങളും നാതിദീർഘങ്ങളാണ്. വിശ്വാസകാര്യങ്ങളുടെയും ആരാധനാകർമങ്ങളുടെയും സാമാന്യ വിവരണങ്ങളാണവ. ഭൂരിഭാഗം ഇസ്‌ലാമിക നിയമങ്ങൾ ഉൾക്കൊള്ളുന്ന താരതമ്യേന ദീർഘങ്ങളായ സൂക്തങ്ങൾ അവതരിക്കുന്നത് മദീനാ ജീവിത ഘട്ടത്തിലാണ്.

അവതരണ കാരണങ്ങളുടെ താൽപര്യങ്ങൾ മാനിച്ച് ക്രമാനുഗതമായാണ് ഖുർആനിക നിയമങ്ങൾ ആവിഷ്കാരം പൂണ്ടിട്ടുള്ളത്. പഴയ ആചാരങ്ങൾ ഉപേക്ഷിച്ച് പുതിയ നിയമങ്ങൾ സ്വീകരിക്കാൻ അറേബ്യൻ സമൂഹത്തെ പാകപ്പെടുത്തിയെടുക്കുകയായിരുന്നു, ഈ ക്രമാനുഗത രീതി സ്വീകരിച്ചതിന്റെ പിന്നിലെ ഉദ്ദേശ്യം. മദ്യനിരോധന നിയമം ഉദാഹരണം. ആദ്യം മദ്യത്തിന്റെ ദൂഷ്യങ്ങളെ സംബന്ധിച്ച് ഉപദേശരൂപത്തിലുള്ള ബോധവത്കരണമാണ് ഖുർആൻ നടത്തുന്നത്. പിന്നീട് നമസ്കാരവേളയിൽ മദ്യം ഉപയോഗിക്കുന്നത് നിരോധിക്കപ്പെട്ടു. ഇതിനു ശേഷമാണ് സമ്പൂർണ നിരോധനം നടപ്പിലാക്കിയത്. അനന്തരാവകാശ നിയമങ്ങളിലും ഖുർആൻ ഈ ക്രമാനുഗതികത്വം ദീക്ഷിച്ചതായി കാണാം. ആദ്യം വസിയ്യത്തിനെ സംബന്ധിച്ച നിയമമാണ് അവതരിച്ചത്. അനന്തരാവകാശ നിയമങ്ങളുടെ വിശദരൂപം അവതീർണമാകുന്നത് പിന്നെയും കുറേ കഴിഞ്ഞാണ്.

## സുന്നത്ത്

ഖുർആനു ശേഷം ശരീഅത്തിന്റെ അടിസ്ഥാനങ്ങളിൽ ദ്വിതീയ സ്ഥാനം സുന്നത്തിനാണ്. പ്രവാചകന്റെ വാക്കും പ്രവൃത്തിയും സ്ഥിരീകരണവും സുന്നത്തിൽ ഉൾപ്പെടുന്നു. പ്രവാചകന്റെ സാന്നിധ്യത്തിലോ അറിവോടെയോ നടന്ന ഒരു പ്രവൃത്തിയിൽ അദ്ദേഹം അതൃപ്തി പ്രകടിപ്പിക്കാതെ മൗനം ദീക്ഷിച്ചാൽ അത് അനുവാദത്തിനുള്ള സ്ഥിരീകരണമായി ഗണിക്കപ്പെടും.

സുന്നത്ത് പിൽക്കാലത്ത് ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. ഹദീസ് ഗ്രന്ഥങ്ങൾ എന്ന പേരിൽ ഇവ അറിയപ്പെടുന്നു. നിഷ്കർഷമായ പരിശോധനക്കു ശേഷം സ്വീകാര്യയോഗ്യങ്ങളും അല്ലാത്തവയുമായ ഹദീസുകൾ വേർതിരിച്ച് കാണിച്ച ശേഷമാണ് അവ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. ഉള്ളടക്കവും റിപ്പോർട്ടർമാരുടെ ശൃംഖലയും വിശകലനം ചെയ്തുകൊണ്ട് ഹദീസുകളുടെ പ്രാമാണികതക്ക് പണ്ഡിതന്മാർ വ്യത്യസ്ത നിലവാരങ്ങൾ നിർണയിച്ചിട്ടുണ്ട്. മുസ്ത്വലഹുൽ ഹദീസ് എന്ന പേരിൽ പ്രത്യേകം ഹദീസ് നിരൂപണശാസ്ത്രംതന്നെ പിൽക്കാലത്ത് ഉടലെടുക്കുകയുണ്ടായി. ഹദീസ് റിപ്പോർട്ടർമാരുടെ ബലാബലങ്ങളും വിശ്വസനീയതയും ഈ വിജ്ഞാനശാഖയുടെ സഹായത്താൽ മനസ്സിലാക്കാൻ കഴിയും. ഹദീസ് ശേഖരങ്ങളിൽ ഒട്ടനവധി വ്യാജഹദീസുകളും ദുർബല ഹദീസുകളും നുഴഞ്ഞുകയറിയിട്ടുണ്ടെങ്കിലും ഹദീസ് നിരൂപണ കൃതികളുടെ വെളിച്ചത്തിൽ അവ വ്യവഛേദിച്ച് മനസ്സിലാക്കാൻ ഇന്ന് പ്രയാസമില്ല. വ്യാജഹദീസുകളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ 'മൗളൂആത്ത്' എന്ന പേരിൽ അത്തരം ഹദീസുകൾ മാത്രം സമാഹരിച്ച കൃതികളുമുണ്ട്.

ഖുർആന്റെ വിശദീകരണമാണ് സുന്നത്ത്. ഖുർആനിലെ പല സാമാന്യ വിധികളുടെയും വിശദാംശങ്ങൾ സുന്നത്തിൽനിന്നാണ് ലഭിക്കുന്നത്. ഖുർആൻ കഴിഞ്ഞാൽ ഇസ്‌ലാമിക നിയമാവിഷ്കാരത്തിന്റെ രണ്ടാമത്തെ അടിസ്ഥാനമായി അത് പരിഗണിക്കപ്പെട്ടതും അതുകൊണ്ടുതന്നെ. സുന്നത്തിന്റെ പ്രാമാണികതയിൽ മദ്ഹബുകൾക്കിടയിൽ അഭിപ്രായാന്തരമില്ല. ഹദീസുകൾ പാടേ തള്ളിക്കളയുന്ന വളരെ ചെറിയൊരു ന്യൂനപക്ഷമേയുള്ളൂവെന്ന് ഇമാം ശാഫിഈയുടെ *കിതാബുൽ ഉമ്മ്* (വാല്യം 7, പേജ് 250) ഉദ്ധരിച്ചുകൊണ്ട് ഡോ. സ്വുബ്ഹീ മഹ്മസാനി ചൂണ്ടിക്കാണിക്കുന്നു (*ഫൽസഫത്തുത്തശ്‌രീഅ് ഫിൽ ഇസ്‌ലാം* പേജ് 170). സുന്നത്ത് പിൻപറ്റേണ്ടത് മുസ്‌ലിംകളുടെ നിർബന്ധ ബാധ്യതയാണെന്ന്

ഖുർആൻതന്നെ വ്യക്തമാക്കിയിട്ടുണ്ട്: "പ്രവാചകൻ നിങ്ങൾക്ക് കൊണ്ടുവരുന്ന തെല്ലാം നിങ്ങൾ സ്വീകരിക്കുക. അദ്ദേഹം നിങ്ങളെ വിലക്കുന്നതിൽനിന്നെല്ലാം ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക" (ഖുർആൻ 59:7). "അല്ലാഹുവിനെയും പ്രവാചകനെയും നിങ്ങൾ അനുസരിക്കുക" (ഖുർആൻ 5:92).

സുന്നത്തിന്റെ പ്രാമാണികതയിൽ മദ്ഹബുകൾക്കിടയിൽ അഭിപ്രായവ്യത്യാസമില്ലെങ്കിലും അതിന്റെ സ്വീകാര്യതയുടെ മാനദണ്ഡങ്ങളിൽ ശീഈകൾക്കും സുന്നികൾക്കുമിടയിൽ വീക്ഷണ വൈജാത്യമുണ്ട്. പ്രവാചക കുടുംബത്തിന്റെ പരമ്പരയിലൂടെ ലഭ്യമായ, അഥവാ ശീഈ പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ വിശ്വസ്തരായവർ റിപ്പോർട്ടുചെയ്ത ഹദീസുകൾ മാത്രമേ ശീഈകൾ സ്വീകരിക്കുകയുള്ളൂ. എങ്കിലും സുന്നീലോകത്തിലെ പല അംഗീകൃത ഹദീസുകളും ശീഈകളുടെ ആധികാരിക ഹദീസ് ഗ്രന്ഥങ്ങളിലുമുണ്ട് എന്ന വസ്തുത സ്മരണീയമാണ്.

സുന്നീ മദ്ഹബുകളും ഹദീസ് സ്വീകാര്യതയുടെ മാനദണ്ഡത്തിൽ രണ്ട് ചേരികളായി പിരിഞ്ഞിട്ടുണ്ട്. ഇറാഖിലെ 'അഹ്ലുർറഅ്യ്' (സ്വകീയ വീക്ഷാഗതിക്കാർ) വിഭാഗവും ഹിജാസിലെ 'അഹ്ലുൽ ഹദീസ്' വിഭാഗവുമാണവർ. രണ്ടാമത്തെ വിഭാഗം സ്വീകരിക്കുന്ന ഹദീസുകളെല്ലാം ഒന്നാം വിഭാഗം സ്വീകരിച്ചുകൊള്ളണമെന്നില്ല. എങ്കിലും ഈ ഭിന്നത എപ്പോഴും വിധിയെ ബാധിച്ചുകൊള്ളണമെന്നുമില്ല. വിധിക്കാസ്പദമായ തെളിവുകളിലായിരിക്കും ഭിന്നത പ്രകടമാവുക. ഒരു പ്രശ്നത്തിൽ ഉഭയപക്ഷത്തിന്റെയും വിധികൾ ഒന്നായിരിക്കുമ്പോഴും ഓരോ വിഭാഗത്തിനും അതിന്നാസ്പദമായ തെളിവുകൾ വ്യത്യസ്തമായിരിക്കുമെന്ന് മാത്രം.

സുന്നീ വിഭാഗത്തിൽ ആറ് പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങളാണുള്ളത്. അബൂ അബ്ദില്ല മുഹമ്മദുബ്നു ഇസ്മാഈൽ അൽബുഖാരി (ഹി. 194–256)യുടെ *അൽജാമിഉസ്സ്വഹീഹ്* ഇവയിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്നു. ഖുർആന് ശേഷം ഏറ്റവും പ്രാമാണിക ഗ്രന്ഥമായി സുന്നീ ലോകം ഇതിനെ കൊണ്ടാടുന്നു. *സ്വഹീഹ് ബുഖാരി* എന്നാണ് പൊതുവിൽ ഈ ഹദീസ് ഗ്രന്ഥം അറിയപ്പെടുന്നത്. ബുഖാരിക്ക് ശേഷം ഭൂരിപക്ഷവും പരിഗണിക്കുന്നത് *സ്വഹീഹ് മുസ്ലിം* ആണ്. നിശാപൂർക്കാരനായ അബുൽ ഹുസൈൻ മുസ്ലിം (ഹി. 206–261) ആണ് ഈ ഹദീസ് സമാഹാരത്തിന്റെ കർത്താവ്. എന്നാൽ മൊറോക്കോ മേഖലയിലെ പണ്ഡിതന്മാർക്കിടയിൽ ബുഖാരിയേക്കാൾ മുൻഗണന മുസ്ലിമിന്നാണ് (ഇബ്നുഖൽദൂന്റെ മുഖദ്ദിമ. പേജ് 387. ഉദ്ധരണം: ഡോ. മഹ്മസാനി. *ഫൽസഫത്തുത്തശ്രീഅ്* പേജ് 169). ഇബ്നുമാജ (ചരമം ഹി. 273), അബൂദാവൂദ് (ചരമം 275), തിർമിദി (ചരമം ഹി. 275), നസാഈ (ചരമം ഹി. 302) എന്നിവരുടെ സുനനുകളാകുന്നു പ്രസിദ്ധമായ മറ്റു ഹദീസ് സമാഹാരങ്ങൾ. ഇവയിൽ ദുർബലങ്ങളായ ഹദീസുകളുണ്ടെങ്കിലും പൊതുവെ ഭൂരിപക്ഷവും പ്രബലങ്ങളാണ്. ഈ ആറു ഗ്രന്ഥങ്ങളും *സ്വിഹാഹുസ്സിത്ത* എന്ന പേരിലറിയപ്പെടുന്നു. അബുൽഹസൻ ദാറഖുത്നി (ചരമം ഹി. 385)യുടെ *മുസ്നദ്*, അബൂമുഹമ്മദ് ബഗവി (ചരമം ഹി. 516)യുടെ *മസാബീഹുസ്സുന്ന* എന്നിവയാണ് പ്രസിദ്ധമായ മറ്റു രണ്ട് ഹദീസ് ഗ്രന്ഥങ്ങൾ. ഇവ കൂടാതെ മറ്റുചില ഹദീസ് സമാഹാരങ്ങളുമുണ്ട്. അവ അത്ര പ്രസിദ്ധങ്ങളല്ല. ഒരേ ഹദീസുതന്നെ പല കൃതികളിലും വ്യത്യസ്ത പരമ്പരകളിലൂടെ ആവർത്തിക്കപ്പെടാറുണ്ട് എന്ന വസ്തുതയും ഇവിടെ സ്മരണീയമാണ്.

ശീഈകൾക്ക് പ്രാമാണികമായ നാല് ഹദീസ് സമാഹാരങ്ങളാണുള്ളത്. മുഹമ്മദുബ്നു യഅ്ഖൂബുൽ കുലൈനി (ചരമം ഹി. 328)യുടെ *അൽകാഫീ*, ഇബ്നു ബാബു വൈഹിന്റെ (ചരമം ഹി. 381) *മൻലായഹ്ളുറുഹുൽ ഫിഖ്ഹ്*, അബൂ ജഅ്ഫർ മുഹമ്മദുബ്നുൽ ഹസൻ ഇബ്നു അലി ത്വൂസി (ചരമം ഹി. 460)യുടെ *അൽഇസ്തിബ്സാറു ഫീ മഖ്തുലിഫ മിനൽ അഖ്ബാർ*, *തഹ്ദീബുൽ അഹ്കാം* എന്നിവയാണവ.

## ഇജ്മാഅ്

ഖുർആന്നും സുന്നത്തിനും ശേഷം ഇസ്ലാമിക ശരീഅത്തിന്റെ അടിസ്ഥാനമായി ഭൂരിപക്ഷം 'ഫുഖഹാഅ്' (ഇസ്ലാമിക നിയമജ്ഞന്മാർ) പരിഗണിക്കുന്നത് ഇജ്മാആണ്. ഒരു വിധിയെ സംബന്ധിച്ച് ഏതെങ്കിലും ഒരു കാലഘട്ടത്തിലെ, ഇസ്ലാമിക നിയമത്തിൽ അവഗാഹമുള്ള മുസ്ലിം ഗവേഷക പണ്ഡിതന്മാരുടെ (മുജ്തഹിദുകൾ) അഭിപ്രായ ഐക്യമാണ് ഇജ്മാഅ്. ഇജ്മാഇന്റെ പ്രാമാണികതക്കുള്ള തെളിവ് ഖുർആനും സുന്നത്തും യുക്തിന്യായങ്ങളുമാണ്. "സന്മാർഗം വ്യക്തമായ ശേഷം ആരെങ്കിലും പ്രവാചകനോട് എതിർത്ത് നിൽക്കുകയും വിശ്വാസികളുടേതല്ലാത്ത പാത പിൻപറ്റുകയുമാണെങ്കിൽ അവൻ സ്വയം തെരഞ്ഞെടുത്തതിലേക്ക് നാം അവനെ തിരിച്ചുവിടുകയും നരകത്തിൽ കടത്തിവിടുകയും ചെയ്യും. അതൊരു ദുർഗതിതന്നെ" (ഖുർആൻ 4:15). ഇജ്മാഅ്, നിർബന്ധമായി സ്വീകരിക്കേണ്ട വിശ്വാസികളുടെ പാതയാണെന്നർഥം.

ഇജ്മാഇന്റെ പ്രാമാണികതക്ക് തെളിവായി ഉദ്ധരിക്കപ്പെടുന്ന ഹദീസുകൾ താഴെ പറയുന്നവയാണ്:

"എന്റെ സമുദായം ദുർമാർഗത്തിലോ തെറ്റിലോ ഏകോപിക്കുകയില്ല." (ഈ ഹദീസിന്റെ പരമ്പര പ്രബലമല്ലെങ്കിലും ആശയം ശരിയാണെന്ന് ഇബ്നുഹസം വ്യക്തമാക്കുന്നു– *അൽഅഹ്കാം* വാല്യം 4, പേജ് 133)

"കൂട്ടായ്മയോടൊപ്പമാണ് ദൈവകരം" (സുയൂത്വി തിർമിദിയിൽനിന്ന് *അൽജാമിഉസ്സ്വഗീറി*ൽ 10004 നമ്പറായി ഉദ്ധരിച്ച ഹദീസ്).

"മുസ്ലിംകൾ നല്ലതായി കാണുന്ന കാര്യം ദൈവത്തിങ്കലും നല്ലതായിരിക്കും. ചീത്തയായി കാണുന്നത് ദൈവത്തിങ്കലും ചീത്തയായിരിക്കും" എന്ന പ്രവാചക ശിഷ്യനായ ഇബ്നു മസ്ഊദിന്റെ അഭിപ്രായം. മുജ്തഹിദുകൾ മുഴുവൻ ഒരു കാര്യത്തിൽ യോജിക്കുമ്പോൾ, ഒരാളെങ്കിലും അപവാദം ഉണ്ടാകാതെ അവർ ഒന്നടങ്കം അബദ്ധം പ്രവർത്തിക്കുക എന്നത് സാധാരണഗതിയിൽ അസംഭവ്യമാണെന്ന ബുദ്ധിപരമായ ന്യായവും ഇജ്മാഇന്റെ പ്രാമാണികതക്ക് ബലം നൽകുന്നു.

ഇജ്മാഇന്റെ ഉപാധികളെ സംബന്ധിച്ച് ഫുഖഹാക്കൾക്കിടയിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ഏതെങ്കിലും ഒരു കാലഘട്ടത്തിലെ മുഴുവൻ പണ്ഡിതന്മാരും യോജിക്കുന്ന വിധിക്ക് മാത്രമേ ഇജ്മാഇന്റെ സ്ഥാനമുള്ളൂ എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും മതം. എന്നാൽ ഇമാം മാലികിന്റെ വീക്ഷണം സ്വൽപം ഭിന്നമാണ്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ മദീന നിവാസികളുടെ നടപടികൾക്ക് ഇജ്മാഇന്റെ സ്ഥാനമുണ്ട്. "മദീന ഹിജ്റയുടെ ഗേഹമാണ്; പ്രവാചകന്റെ അനുചരന്മാരായ സ്വഹാബിവര്യന്മാരുടെ ആവാസകേന്ദ്രം. ദിവ്യവെളിപാടിനെക്കുറിച്ചും പ്രവാചകന്റെ സ്ഥിതിഗതികളെക്കുറിച്ചും കൂടുതൽ അഭിജ്ഞരാണവർ. അതിനാൽ അവർ ഒരു കാര്യത്തിൽ യോജിച്ചാൽ അത് പ്രവർത്തനയോഗ്യമായി അംഗീകരിക്കേണ്ടതാണ്." ഇതാണ് ഇമാം മാലികിന്റെ ന്യായം.

ഇജ്മാഅ് സ്വഹാബിവര്യന്മാരിൽ നിന്നായിരിക്കണമെന്ന് നിബന്ധനയില്ലെന്നാണ് ഭൂരിപക്ഷ മതം. ഇതരരുടെ ഇജ്മാഉം സ്വീകാര്യമാണ്. വ്യത്യസ്തമാണ് ഇമാം അഹ്മദുബ്നു ഹമ്പലിന്റെയും ദാവൂദുല്ലാഹിരിയുടെയും വീക്ഷണം. സ്വഹാബിവര്യന്മാരുടെ ഇജ്മാഇനും മാത്രമേ അവരുടെ ദൃഷ്ടിയിൽ പ്രാമാണികതയുള്ളൂ.

അബൂബക്ർ, ഉമർ, ഉസ്മാൻ, അലി എന്നീ നാലു ഖലീഫമാരുടെ അഭിപ്രായ ഐക്യത്തിനും ഭൂരിപക്ഷം പണ്ഡിതന്മാർ ഇജ്മാഇന്റെ സ്ഥാനം കൽപിക്കു

ന്നില്ല– അവരോട് ആരും വിയോജിപ്പ് പ്രകടിപ്പിച്ചില്ലെങ്കിലൊഴികെ. എന്നാൽ, ഖാസി അബൂഹാസിം ഹനഫിയുടെയും, ഒരു റിപ്പോർട്ട് പ്രകാരം ഇമാം അഹ്മദുബ്നു ഹമ്പലിന്റെയും അഭിപ്രായത്തിൽ നാല് ഖലീഫമാരുടെ ഏകോപിതാഭിപ്രായം ഇജ്മാആയി പരിഗണിക്കപ്പെടും.

ഇജ്മാഅ് സ്പഷ്ടമായ അഭിപ്രായപ്രകടനത്തിലൂടെയുമാവാം, മൗനരൂപത്തിലുമാവാം. ഒരു പ്രശ്നത്തിൽ ഒരു മുജ്തഹിദ് മതവിധി പുറപ്പെടുവിക്കുകയും അദ്ദേഹത്തിന്റെ സമകാലീനരായ മറ്റു മുജ്തഹിദുകൾ അതറിയുകയും എന്നിട്ട് ആരും അതിൽ വിയോജിപ്പ് പ്രകടിപ്പിക്കാതിരിക്കുകയും ചെയ്താൽ അത് മൗനമായ ഇജ്മാആയി. ഹനഫികളിൽ ഭൂരിപക്ഷവും ഇത്തരം ഇജ്മാഇന് പ്രാമാണികത നൽകിയിട്ടുണ്ട്. എന്നാൽ ശാഫിഈ ഇത് അംഗീകരിച്ചിട്ടില്ല. സുന്നീ മദ്ഹബുകളിൽനിന്ന് വ്യതിരിക്തമായൊരു വീക്ഷണമാണ് ശീഈകൾക്ക് ഇജ്മാഇനെ സംബന്ധിച്ചുള്ളത്. പ്രവാചക കുടുംബത്തിന്റെ ഇജ്മാഅ് മാത്രമേ അവർ സ്വീകരിക്കുകയുള്ളൂ – അല്ലെങ്കിൽ മറ്റു മുജ്തഹിദുകളുടെ അഭിപ്രായത്തോട് അവരുടെ ഇമാം യോജിക്കണം.

ഒരു വിധിയെസ്സംബന്ധിച്ച് ഒരു കാലഘട്ടത്തിലുണ്ടായ ഇജ്മാഇന്ന് സാർവകാലിക പ്രസക്തിയുണ്ടോ? ഇതിനെ ചോദ്യംചെയ്ത പണ്ഡിതന്മാരുണ്ട്. എങ്കിലും പ്രസ്തുത വിധിയുടെ സാഹചര്യവും കാരണങ്ങളും പ്രസക്തമായി നിൽക്കുന്ന കാലത്തോളം ഇജ്മാഇന്റെ പ്രസക്തിയും അഭംഗുരം നിലനിൽക്കുമെന്നതിൽ തർക്കമുണ്ടാവേണ്ടതില്ല.

## ഖിയാസ്

പ്രവാചകന്റെ ശേഷം മുസ്‌ലിം നാഗരികത കൂടുതൽ വികാസം നേടിയ കാലഘട്ടത്തിൽ ക്രി. ഏഴാം ശതകത്തിന്റെ ആദ്യപാദത്തിലാണ് ഇസ്‌ലാമിക നിയമത്തിന്റെ വിശദാംശങ്ങൾക്ക് ക്രോഡീകൃത സ്വഭാവം കൈവരുന്നത്. അങ്ങനെ മതപണ്ഡിതന്മാർ മുസ്‌ലിം നിയമസംഹിതക്ക് രൂപംനൽകാൻ മുമ്പോട്ടുവന്നു. നാഗരികതയുടെ വികാസം പുതിയ പല പ്രശ്നങ്ങൾക്കും ജന്മംനൽകിയിരുന്നു. ഖുർആനിലും സുന്നത്തിലും അവക്ക് പ്രത്യക്ഷ രൂപത്തിലുള്ള പ്രതിവിധികൾ നിർദേശിക്കപ്പെട്ടിരുന്നില്ല. പുതിയ നാഗരിക സാഹചര്യത്തിൽ നിയമത്തിന്റെ പ്രയോഗവത്കരണാർഥം ഖുർആനും സുന്നത്തും വ്യാഖ്യാനിക്കേണ്ടിവന്നു അവർക്ക്. ‘ഇജ്മാഅ്’ പോലെ ഇതിന് അവർ സ്വീകരിച്ച മറ്റൊരു അടിസ്ഥാനമാണ് ഖിയാസ്. ഖുർആൻ, സുന്നത്ത് എന്നിവ വഴിയോ ഇജ്മാഅ് വഴിയോ തീരുമാനിക്കപ്പെട്ട ഒരു പ്രത്യേക കേസിലെ തത്ത്വം നിയമവിശാരദന്മാർ മറ്റൊരു സമാന കേസിൽ ഉപയോഗിക്കുന്നതിനെയാണ് ഖിയാസ് അഥവാ സദൃശ നിഗമനം എന്ന് വിളിക്കുന്നത്. ഖിയാസിൽ യുക്തിപരമായ വിചിന്തനത്തിനുള്ള പ്രാമുഖ്യം വ്യക്തമാണ്. അതിനാൽ ആത്മനിഷ്ഠമായ വിധികൾ പുറപ്പെടുവിക്കാനുള്ള ആയുധമായി അത് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ഭദ്രമായ ചട്ടക്കൂടുകൾ അതിന് നിർമിക്കപ്പെട്ടിട്ടുണ്ട്.

എല്ലാ നിയമങ്ങളും ചില ലക്ഷ്യങ്ങളിലും നന്മകളിലും അധിഷ്ഠിതമാണെന്ന ഒരു പൊതുതത്ത്വം മുസ്‌ലിം നിയമജ്ഞന്മാർ ആവിഷ്കരിച്ചു. ആ നിയമങ്ങളുടെ നിമിത്തമാണവ. അങ്ങനെ നിയമങ്ങളുടെ നിമിത്തങ്ങൾ നിർധാരണം ചെയ്യാൻ തുടങ്ങി അവർ. ഒരു പ്രത്യേക പ്രശ്നത്തിന്റെ വിധിയുടെ കാരണം മനസ്സിലാവുകയും അതേ കാരണം മറ്റൊരു പ്രശ്നത്തിൽ കണ്ടെത്തുകയും ചെയ്താൽ ആദ്യത്തെ വിധി രണ്ടാമത്തേതിനും ബാധകമാക്കാമെന്ന് വന്നു. ഇതാണ് ‘ഖിയാസ്’ വഴിക്കുള്ള നിയമാവിഷ്കാരം. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. ഉത്തമർണർക്കും അനന്തരാവകാശികൾക്കും ഹാനികരമാംവിധമുള്ള ആസന്ന മരണനായ രോഗിയുടെ ദാനം തുടങ്ങിയ സാമ്പത്തിക ഇടപാടുകൾ ശരീഅത്ത് അനുസരിച്ച് ദുർബലമാണ്. രോഗിയുടെ ജിവനാശമാണ് ഈ വിലക്കിന്റെ കാരണം. അതിനാൽ വധശിക്ഷക്ക് വിധിക്കപ്പെട്ടവന്നും മല്ലയുദ്ധത്തിന് പുറപ്പെടുന്നവന്നും ഈ നിയമം ബാധകമാക്കപ്പെട്ടു.

പ്രാക്തന സിവിൽ നിയമസംഹിതകളിൽ നവജാത പ്രശ്നങ്ങളിൽ ഖിയാസ് തത്ത്വം പ്രയോഗിച്ചതായി കാണാം. എങ്കിലും മുസ്‌ലിം നിയമജ്ഞന്മാരെപ്പോലെ പ്രത്യേക നിബന്ധനകൾ പാലിച്ചുകൊണ്ട് നിയമനിർമാണത്തിന്റെ അടിസ്ഥാന ശിലയായി അത് അംഗീകരിക്കപ്പെട്ടിരുന്നില്ല. സദൃശ്യം എന്നർഥമുള്ള ‘ക്വാസി’ (Quasi) എന്ന വിശേഷണപദം റോമൻ നിയമത്തിൽ പല വാക്കുകളോടും ചേർത്തുപയോഗിച്ചു കാണാം (Quasr-ususfructus, Quasi-delictum, Quasi-contractus എന്നിവ ഉദാഹരണം).

സുന്നികളിൽ ദാവൂദുള്ളാഹിരിയെപ്പോലുള്ള ഒരു ന്യൂനപക്ഷം ഒഴികെ ഭൂരിപക്ഷവും ഖിയാസ് പ്രമാണമായി അംഗീകരിക്കുന്നവരാണ്. ശീഈകളിൽ സൈദിയ്യ വിഭാഗവും ഖിയാസ് ആധാരമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ശീഈകളിലെ ഇമാമിയ്യ വിഭാഗം ഖിയാസിനെ ശരീഅത്തിന്റെ പ്രഭവകേന്ദ്രമായി പരിഗണിച്ചിട്ടില്ല. ന്യായയുക്തി പ്രയോഗിക്കുന്ന മാർഗമാണ് ഇതിന്റെ സ്ഥാനത്ത് അവർ അവലംബിക്കുന്നത്. ‘ബുദ്ധിപരവും ശാസ്ത്രീയവുമായ അടിസ്ഥാനങ്ങൾ’ (അൽഉസ്വൂലുൽ അഖ്‌ലിയ്യ വൽ ഇൽമിയ്യ) എന്ന പേരിൽ ഇതറിയപ്പെടുന്നു. അസ്‌ലുൽ ബറാഅ, ഇസ്തിസ്ഹാബ്, ഇഹ്തിയാത്, തഖ്‌യീർ എന്നീ നാല് ഇനങ്ങളിലായി ഇതിനെ അവർ വിഭജിച്ചിട്ടുണ്ട്. ശാഫിഈ മദ്ഹബിലെ ഇസ്തിദ്‌ലാൽ, ഇസ്തിസ്ഹാബുൽ ഹാൽ എന്നീ തത്ത്വങ്ങളുമായി ഏതാണ്ട് സാധർമ്യം പുലർത്തുന്നവയാണവ. ശാഫിഈമദ്ഹബിലെ പ്രസ്തുത തത്ത്വങ്ങളുടെ വിശദീകരണം വഴിയെ വരുന്നുണ്ട്.

## ഇസ്തിഹ്സാൻ

ഒരു പ്രശ്നത്തിന് തത്തുല്യ പ്രശ്നങ്ങളുടെ വിധിയിൽനിന്ന് വ്യതിചലിച്ചു ശക്തമായൊരു താൽപര്യത്തെ മുൻനിർത്തി മറ്റൊരു വിധി സ്വീകരിക്കുക; അഥവാ കാതലായ താൽപര്യത്തെ ആദരിക്കാൻ ഉദാരമായി വ്യാഖ്യാനിക്കുക– ഇതാണ് ഇസ്തിഹ്സാൻ. ഹനഫീ മദ്ഹബിലെ അംഗീകൃത തത്ത്വമാണിത്.

ഏറ്റവും ഉദാരമായി ഖിയാസ് പ്രയോഗിച്ചവരാണ് ഹനഫീ പണ്ഡിതന്മാർ. വ്യക്തമായ പ്രമാണങ്ങൾ (നസ്സ്വ്) ഉണ്ടാവട്ടെ ഇല്ലാതിരിക്കട്ടെ, എല്ലാ നിയമങ്ങളുടെയും ഹേതുക്കൾ നിർണയിച്ചു അവക്ക് ഖിയാസിനെ മാനദണ്ഡമാക്കാൻ അവർ ശ്രമിക്കുകയുണ്ടായി. ഇങ്ങനെ ഖിയാസിന്റെ അടിസ്ഥാനത്തിൽ പൊതുതത്ത്വങ്ങൾ ആവിഷ്കരിക്കുമ്പോൾ ചിലപ്പോൾ അതിൽനിന്ന് വ്യതിചലിക്കാൻ അവർ നിർബന്ധിതരായിത്തീരും. ഖുർആനോ സുന്നത്തോ ഇജ്മാഓ അതിന് വിപരീതമായി വരുമ്പോഴാണത്. അപ്പോൾ പ്രത്യക്ഷമായ ഖിയാസ് ഉപേക്ഷിച്ച് അതിനേക്കാൾ ശക്തമായ തെളിവ് ഉത്തമ താൽപര്യം മുൻനിർത്തി അവർ സ്വീകരിക്കുന്നു. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം: ഇടപാടുവേളയിൽ നിലവിലില്ലാത്ത വസ്തുവിന്റെ വിൽപന അസാധുവാണ്. ഹനഫീ മദ്ഹബ് പ്രകാരം ഉപയുക്തതക്ക് അസ്തിത്വമില്ല. കാരണം ഇടപാട് നടക്കുമ്പോൾ വസ്തുവിന്റെ ഉപയോഗം നടക്കുന്നില്ല; ഇടപാടിനുശേഷം മാത്രമേ ഉപയോഗം സാധ്യമാവുന്നുള്ളൂ. ഇതനുസരിച്ച് ഒരാൾ ഒടു വീട് നിർമിക്കാൻ മറ്റൊരാളുമായി ഇടപാട് നടത്തിയാൽ പ്രസ്തുത ഇടപാട് അസാധുവാണെന്ന് വിധിക്കേണ്ടിവരും. കാരണം ഇടപാടുസമയത്ത് ഇല്ലാത്ത ഒരു വസ്തുവിന്മേലാണ് ഇടപാട് നടക്കുന്നത്. എന്നാൽ ‘സുന്നത്ത്’ അനുസരിച്ചും കാലാകാലമായി നടന്നുവരുന്ന സർവാംഗീകൃത നടപടിയെന്ന നിലയിലും ഇത് സാധുവാണുതാനും. അതിനാൽ ഇവിടെ ഖിയാസ് ഉപേക്ഷിക്കപ്പെട്ടു.

ശക്തമായ തെളിവിന്റെ സാന്നിധ്യ

ത്തിൽ ഖിയാസ് ഉപേക്ഷിക്കുക എന്നത് ഇതര ഫുഖഹാക്കൾക്കും സമ്മതമാണ്. പക്ഷേ, ഇസ്തിഹ്സാൻ എന്ന സവിശേഷ നാമകരണത്തോട് അവർക്ക് യോജിപ്പില്ലെന്നു മാത്രം. 'ശരീഅത്തിൽ ഖിയാസിനു വിരുദ്ധമായി യാതൊന്നുമില്ലാ'ത്തതിനാൽ 'ഇസ്തിഹ്സാന്' സ്ഥാനമേയില്ലെന്ന് ചിലർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഖിയാസിന് വിരുദ്ധമാണെന്ന് തോന്നുന്നുണ്ടെങ്കിൽ അതിനർഥം ഒന്നുകിൽ ഖിയാസ് ശരിയല്ലെന്നാണ്; അല്ലെങ്കിൽ ആ വിധി ശരീഅത്തിൽ പെട്ടതാണെന്ന് നസ്സ് കൊണ്ട് സ്ഥിരപ്പെട്ടിട്ടില്ലെന്നാണ്. ഈ രണ്ടിലൊരു സാധ്യതയേ ഇവിടെ ഉള്ളൂ എന്നാണ് ഇവരുടെ വാദഗതി.

പദപ്രയോഗ സംബന്ധിയാണ് വലിയൊരളവോളം ഈ ഭിന്നതകൾ. ഒരു കാര്യം ഉത്തമമായി പരിഗണിക്കുക എന്നാണ് ഇസ്തിഹ്സാൻ എന്ന പദത്തിന്റെ അർഥം. നസ്സിനും കൂടുതൽ ശക്തമായ തെളിവിനും ഇതര തെളിവുകളെക്കാൾ മുൻഗണന നൽകുന്ന വിഷയത്തിൽ എല്ലാ ഫുഖഹാക്കളും ഏകാഭിപ്രായക്കാരാണ്.

ഖിയാസ് പോലെത്തന്നെ ഇസ്തിഹ്സാനും ഹനഫികൾ ഉദാരമായി ഉപയോഗപ്പെടുത്തുകയുണ്ടായി. അവശ്യഘട്ടങ്ങളിലും പൊതുതാൽപര്യം പരിഗണിച്ച് പ്രയാസങ്ങളുടെ ലഘൂകരണത്തിനും ഇസ്തിഹ്സാൻ തത്ത്വം അവർ മാധ്യമമായി സ്വീകരിച്ചു. ഇമാം ശാഫിഈ ഈ തത്ത്വം നിരാകരിക്കാനുണ്ടായ പശ്ചാത്തലം അതാണ്. അനിയന്ത്രിതമായ ഈ ഉപയോഗം ന്യായാധിപന്മാർ പരസ്പര വിരുദ്ധമായ രീതിയിൽ ആത്മനിഷ്ഠമായ വിധികൾ പുറപ്പെടുവിക്കാൻ ഇടവരുത്തുമെന്ന ആശങ്കയാണ് ശാഫിഈയുടെ നിലപാടിന്നടിസ്ഥാനം (ഇമാം ശാഫിഈ, *അൽഉമ്മ്* ബാബുഇബ്ത്വാലിൽ ഇസ്തിഹ്സാൻ, വാള്യം 7 പേജ് 273,274. ഉദ്ധരണം: ഡോ. മഹ്മസ്വാനി, ഫൽസഫത്തുത്തശ്‌രീഅ് പേജ് 193).

നീതിയും പൊതുതാൽപര്യവും പരിഗണിക്കുക എന്ന നിർവചനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്തിഹ്സാൻ മാലികിപക്ഷം അംഗീകരിച്ചിട്ടുണ്ട്. ഒരു അഭിപ്രായപ്രകാരം ഇമാം അഹ്മദുബ്നു ഹമ്പലും ഇത് അംഗീകരിച്ചിട്ടുണ്ട് (ആമുദി, അൽഅഹ്കാം. വാള്യം 3 പേജ് 136. ഉദ്ധരണം: ഡോ. മഹ്മസ്വാനി ഫൽസഫത്തുത്തശ്‌രീഅ് പേജ് 193).

## മസ്വാലിഹു മുർസല

ആരാധനാകർമങ്ങളിൽനിന്ന് (ഇബാദാത്ത്) ഭിന്നമായി വ്യവഹാര നിയമങ്ങൾ (മുആമലാത്ത്) ജനക്ഷേമ താൽപര്യങ്ങളിൽ അധിഷ്ഠിതമാണ്. അത്തരം നിയമങ്ങളുടെ ആന്തരതത്ത്വങ്ങൾ ചിലപ്പോൾ ശരീഅത്ത് വ്യക്തമായി വിവരിച്ചിട്ടുണ്ടാവും. അപ്പോൾ അത് മാനിക്കൽ നിർബന്ധമാണ്. ചിലപ്പോൾ ശരീഅത്ത് അതിനെ സംബന്ധിച്ച് നിശ്ശബ്ദമായിരിക്കും. സൂക്ഷ്മാപഗ്രഥനത്തിലൂടെ അത് കണ്ടെത്തുകയാണ് അപ്പോൾ വേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിലാണ് മാലികികൾ 'മസ്വാലിഹു മുർസല' എന്ന തത്ത്വം ആവിഷ്കരിച്ചത്. അവർ അതിന് മൂന്ന് ഉപാധികളും വെച്ചു. ഒന്ന്, ആരാധനാകർമങ്ങളല്ലാത്ത ഭൗതിക വ്യവഹാരങ്ങൾ (മുആമലാത്ത്) ആയിരിക്കുക. രണ്ട്, പരിഗണിക്കപ്പെടുന്ന താൽപര്യം ശരീഅത്തിന്റെ ചൈതന്യവുമായി പൊരുത്തപ്പെടുന്നതായിരിക്കുക. മൂന്ന്, പ്രസ്തുത താൽപര്യം ആഡംബരഗണത്തിൽ (കമാലിയ്യാത്ത്) അല്ലാത്ത അവശ്യഗണത്തിൽ (ഹാജിയാത്ത്) പെട്ടതായിരിക്കുക.

രാജ്യരക്ഷക്കും സൈനികച്ചെലവിനും സമ്പന്നന്മാരിൽ നികുതി ചുമത്തുന്ന നിയമം മസ്വാലിഹ് മുർസലയുടെ ഒരു ഉദാഹരണമാണ്. ഹനഫികൾ ഇസ്തിഹ്സാൻ ഉപയോഗപ്പെടുത്തിയതുപോലെ മാലികികൾ മസ്വാലിഹ് മുർസലയിലും ഉദാരത പുലർത്തുകയുണ്ടായി. എത്രത്തോളമെന്നാൽ കുറ്റം തെളിയിക്കാൻ 'മൂന്നാംമുറ' പ്രയോഗിക്കുന്നത് പോലും അവർ അനുവദനീയമായി വിധിച്ചു. ഹംബലീ പക്ഷക്കാരനായ ഇമാം ത്വൂഫിയും ശാഫിഈപക്ഷക്കാരനായ ഇമാം ഗസ്സാലിയും ഈ തത്ത്വം അംഗീകരിച്ചിട്ടുണ്ട്. 'ഇസ്തിസ്വ്ലാഹ്' എന്നാണ് ഇമാം ഗസ്സാലി ഇതിനെ വിളിക്കുന്നത്. എങ്കിലും അഞ്ചാം അടിസ്ഥാനം എന്ന പദവി അദ്ദേഹം അതിനു നൽകിയിട്ടില്ല. മസ്വാലിഹ് മുർസലയുടെ പേരിൽ കുറ്റം തെളിയിക്കാൻ മൂന്നാംമുറ പ്രയോഗിക്കുന്നത് പോലുള്ള നടപടികളെ അദ്ദേഹം തള്ളിക്കളഞ്ഞിട്ടുമുണ്ട്. 'നിരപരാധിയെ പ്രഹരിക്കുന്നതിനെ അപേക്ഷിച്ച് നിസ്സാരമാണ് കുറ്റവാളിയെ പ്രഹരിക്കാതിരിക്കുക' എന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ആധുനിക കാലത്ത് അംഗീകരിക്കപ്പെട്ട ഈ തത്ത്വം തന്നെയാണ് ഹനഫീ മദ്ഹബിലെയും പ്രബല മതം. 'ഭരണാധികാരിയെ സംബന്ധിച്ചേടത്തോളം ശിക്ഷ നൽകുന്നതിൽ സംഭവിക്കുന്ന അബദ്ധത്തേക്കാൾ മാപ്പ് നൽകുന്നതിൽ സംഭവിക്കുന്ന അബദ്ധമാണ് അഭികാമ്യം' എന്ന പ്രവാചകവചനവും ഇതിന് പിൻബലം നൽകുന്നു.

## ഇസ്തിദ്‌ലാൽ

നസ്സോ ഖിയാസോ ഇജ്മാഓ ഇല്ലാത്തിടത്ത് ന്യായയുക്തി പ്രയോഗിക്കുന്ന മാർഗമാണ് ഇസ്തിദ്‌ലാൽ. ശാഫിഈ മദ്ഹബിലെ ഈ തത്ത്വത്തിന് പല ഇനങ്ങളുമുണ്ട്. എങ്കിലും മുഖ്യമായി ഇസ്തിദ്‌ലാൽ ബിൽ ഖിയാസിൽ മൻത്വിഖിയ്യ്, ഇസ്തിദ്‌ലാൽ ബിസ്തിസ്വ്ഹാബിൽ ഹാൽ എന്നിങ്ങനെ അത് രണ്ടായിത്തിരിക്കാം. ഒരുകൂട്ടം ന്യായവാക്യങ്ങളിലൂടെ (Syllogism) വ്യവഹിതാനുമാന(Medite Inference)ത്തിലെത്തുന്ന പ്രക്രിയയാണ് 'ഇസ്തിദ്‌ലാൽ ബിൽ ഖിയാസിൽ മൻത്വിഖിയ്യ്.' ഉദാഹരണം: 'വിൽപന ഒരു ഇടപാടാണ്. എല്ലാ ഇടപാടുകളുടെയും ആധാരം പരസ്പര സംതൃപ്തിയാണ്. അപ്പോൾ വിൽപനയുടെ ആധാരം പരസ്പര സംതൃപ്തിയാണ്.' ന്യായശാസ്ത്രവുമായി ബന്ധപ്പെടുന്ന നിർധാരണ രീതിയാണിത്.

എതിർ തെളിവില്ലാത്തിടത്ത് ന്യായയുക്തിപ്രകടിപ്പിക്കുന്ന രീതിയാണ് 'ഇസ്തിദ്‌ലാൽ ബിസ്തിസ്വ്ഹാബിൽ ഹാൽ'. 'നൈരന്തര്യം' എന്നാണ് ഇസ്തിസ്വ്ഹാബിന്റെ ഭാഷാർഥം. ഇസ്‌ലാമിക നിയമ ശാസ്ത്രത്തിൽ ഇതിന്റെ വിവക്ഷ ഇങ്ങനെ വിശദീകരിക്കാം: എന്നെങ്കിലും ഒരിക്കൽ ഉണ്ടെന്നോ ഇല്ലെന്നോ സ്ഥിരപ്പെട്ട ഒരു സംഗതി, അതിൽ മാറ്റം സ്ഥിരീകൃതമാവാത്ത കാരണത്താൽ, പൂർവ സ്ഥിതിയിൽതന്നെ അനിവാര്യമായും തുടരുക. 'ബറാഅത്തുദ്ദിമ്മ'എന്ന തത്ത്വം ഇതിൽനിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇതുപ്രകാരം പ്രത്യേക തെളിവുകളാൽ സ്ഥാപിക്കപ്പെട്ടാൽ മാത്രമേ ഒരു കാര്യം മനുഷ്യന് നിർബന്ധമാവുകയുള്ളൂ. കാരണം നിർബന്ധകാര്യങ്ങളിൽ (വാജിബാത്ത്) അടിസ്ഥാനം 'അഭാവ'മാണ്. പ്രത്യേക കൽപന വരുമ്പോൾ മാത്രമാണല്ലോ ഒരു സംഗതി നിർബന്ധമാവുന്നത്. അതില്ലെങ്കിൽ 'നിർബന്ധ'വും ഇല്ല എന്നതാണ് യുക്തിപരമായ താൽപര്യം. ഭൂതകാലത്തിലെ അവസ്ഥ വർത്തമാന കാലത്തും തുടരുക എന്നത് ഈ തത്ത്വത്തിലുൾപ്പെടുന്നു. ഇതുപ്രകാരം ഒരു വസ്തുവിന്റെ ഉടമാവകാശം ഏതെങ്കിലും കാലത്ത് സ്ഥിരപ്പെട്ടതായി തെളിഞ്ഞാൽ അതിനെതിരായ തെളിവില്ലാത്ത കാലത്തോളം പ്രസ്തുത അവകാശം അയാൾക്ക് വിധിക്കപ്പെടും.

സൂക്ഷ്മമായ അപഗ്രഥനത്തിൽ ഇസ്തിഹ്സാനും മസ്വാലിഹു മുർസലയും ഇസ്തിദ്‌ലാലുമെല്ലാം നീതിയും പൊതുതാൽപര്യവും മാനിച്ചുകൊണ്ട് ശരീഅത്തിന്റെ ചൈതന്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ആവിഷ്കരിക്കപ്പെട്ട ബുദ്ധിപരമായ അടിസ്ഥാനങ്ങളാണെന്ന് കാണാം. പേരിൽ വ്യത്യസ്തമെങ്കിലും ഫലത്തിൽ സദൃശ സ്വഭാവം പുലർത്തുന്നവയാണവ. ■